പതിനാലാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 656 25.5.2017 ലെ മറുപടിക്ക്

## സബ്സിഡി നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| .ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
| --- | --- |
| എ) പരമ്പരാഗത കയർ വ്യവസായത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) പരമ്പരാഗത കയർ വ്യവസായത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കയർമേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കയർ സഹകരണ സംഘങ്ങൾക്ക് രണ്ടാം പുന:സംഘടനാ പദ്ധതി<br>2. പരമ്പരാഗത മേഖലയിലെ കയർ, കയർ ഉൽപ്പന്നങ്ങൾ പരിധിയില്ലാതെ സംഭരിക്കുന്നു.<br>3. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവത്ക്കരണം.<br>4. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം.<br>5. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം. |
| ബി) കയർ സഹകരണ സംഘങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡിയിലും സ്വയം സഹായ സംഘങ്ങൾക്ക് 75% സബ്സിഡിയിലും ഡീഫൈബറിംഗ് യന്ത്രങ്ങൾ സർക്കാർ നൽകുന്നതാണ്. |
| സി) ഡീഫൈബറിംഗ് യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ സ്വകാര്യ വ്യക്തികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) സ്വകാര്യ വ്യക്തികൾക്ക് 50% സബ്സിഡി നിരക്കിൽ ഡി.എഫ് മെഷീനുകൾ സർക്കാർ നൽകി വരുന്നു. |

| | |
|---|---|
| ഡി)രണ്ടാം കയർ പുന:സംഘടനാ സ്കീം പ്രകാരമുള്ള മില്ല് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | ഡി) 2017 - 18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ഡീഫൈബറിംഗ് മില്ല് നെൻമാറ മണ്ഡലത്തിലെ വടവന്നൂരിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ മെഷിനറി കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ